ഉത്തരം

(എ) ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യം വിപുലീകരണത്തിന് മുൻതൂക്കം നൽകി ടൂറിസ്റ്റു കേന്ദ്രമാക്കി മാറ്റുന്നതിന് ടൂറിസം വകുപ്പ് നടപടി കൈക്കൊള്ളാറുണ്ട്. ഇതിന്റെ ഭാഗമായാണ് റോഡുകൾ തെരഞ്ഞെടുക്കുന്നതും അവയുടെ നിർമ്മാണം നടത്തുന്നതും.

(ബി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

ബേക്കൽകോട്ടയുടെ കൊത്തളം പുതുക്കിപ്പണിയുന്നതിലെ കാലതാമസം

99 [3246] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ കോട്ടയുടെ കൊത്തളം കഴിഞ്ഞ മഴയിൽ തകർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ട തകർന്നതുമായി ബന്ധപ്പെട്ട അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഒരു വർഷം കഴിഞ്ഞിട്ടും കോട്ടയുടെ തകർന്ന ഭാഗം പുതുക്കിപണിയുന്നതിലുണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പുതുക്കി പണിയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര പുരാവസ്തു വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി, ഡി) കോട്ടയുടെ നിർമ്മാണത്തിലെ അപാകതയും മണ്ണൊലിപ്പ് മൂലം അടിത്തറയ്ക്ക് സംഭവിച്ച ക്ഷതവും മുകൾഭാഗത്തെ കല്ലുകൾ ഇളകുന്നതിന് കാരണമായെന്ന് ഇത് സംബന്ധിച്ച അന്വേഷണം വെളിപ്പെടുത്തുന്നു. ഇളകിയ കല്ലുകൾ സൂക്ഷിക്കുന്നതും അടിത്തറ ബലപ്പെടുത്തുന്നതും സംബന്ധിച്ച് വിശദമായ പഠനം നടത്തി ഒരു തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കേട്പാടു സംഭവിച്ച കൊത്തളം അറ്റകുറ്റപണി നടത്തി സുരക്ഷിതമാക്കിയിട്ടുണ്ട്. കോട്ടയുടെ തകർന്ന ഭാഗം ഈ സാമ്പത്തിക വർഷം അറ്റകുറ്റപ്പണി നടത്തുന്നതാണെന്ന് കേന്ദ്ര പുരാവസ്തു വകുപ്പ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly